**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 378** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നിട്ടുള്ളതെന്നും കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും അറിയിക്കുമോ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.11.2022 ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവ് പ്രകാരം 27.10.2022 മുതൽ പ്രാബല്യത്തിൽ നിലവിൽ വന്നു. പ്രസ്തുത സംവിധാനത്തിന്റെ കാലാവധി 27.10.2022 മുതൽ ഒരു വർഷമാണ്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ യഥാക്രമം സ.ഉ(പി) നം. 74/2022/ തസ്വഭവ, സ.ഉ(പി) നം. 75/2022/തസ്വഭവ പ്രകാരം 27.10.2022 ന് വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത സ്പെഷ്യൽ റൂൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിശോധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് നൽകുന്നതിനുമായാണ് ടി സംവിധാനം രൂപീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത സംവിധാനം രൂപീകരിച്ചതിന് ശേഷം നാളിതുവരെ എത്രയോഗം ചേർന്നു എന്നറിയിക്കുമോ; എടുത്ത നടപടികൾ വ്യക്തമാക്കാമോ ? | (ബി) | ഇതുവരെ ലഭ്യമായിട്ടുള്ള പരാതികൾ പരിശോധിക്കുന്നതിന് പരാതി പരിഹാര സംവിധാനത്തിന്റെ പ്രാഥമിക യോഗം 2023 ആഗസ്റ്റ് മാസം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ